

# 37–ാമത് കോളേജ് യൂണിയൻ റിപ്പോർട്ട്

**സർവ്വ ശക്തന്റെ തിരുനാമത്തിൽ .....**

മലബാറിന്റെ ചരിത്ര ഭൂമിയിൽ പഠന സാംസ്കാരിക മേഖലകളിൽ ചന്ദ്രശോഭയോടെ തിളങ്ങി നിൽക്കുന്ന EMEA അതിന്റെ ചരിത്ര യാത്ര തുടർന്നു കൊണ്ടേയിരിക്കുകയാണ്.

അവികസിതമായ പ്രദേശത്ത് 1982 ന്റെ പൊൻപുലരിയിൽ സീതിഹാജിയും നഹാസാഹിബും സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളും പടുത്തുയർത്തിയ EMEA നാല് പതിറ്റാണ്ടിലേക്ക് അടുക്കുമ്പോൾ സർഗാത്മകതയും, കാര്യക്ഷമതയുമുള്ള കാന്തദർശികളുടെ പ്രയത്നത്തിന്റെ ഫലമായി ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇനിയും ഒട്ടേറെ ഉയരങ്ങൾ കീഴടക്കാൻ സാധികട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് 37–ാമത് EMEA കോളേജ് യൂണിയന്റെ 2018–19 വർഷത്തെ വാർഷിക റിപ്പോർട്ട് നിങ്ങൾക്ക് മുമ്പാകെ സമർപ്പിക്കുന്നു.

## യൂണിയൻ ഭാരവാഹികൾ

- ചെയർമാൻ: **സാഹിറലി കെ.**
- വൈസ് ചെയർപേർസൺ: **നയന സുരേഷ് കെ.പി.**
- ജനറൽ സെക്രട്ടറി: **മുഹമ്മദ് സഫ്വാൻ എ.പി**
- ജോ: സെക്രട്ടറി: **ഇന്ദ്ര നാസർ**
- യു.യു.സി: **ശിബ്ഹത്തുള്ള ടി.കെ**
  **സഫ്‌വാൻ ഇല്ലിക്കൽ**
- ഫൈൻ ആർട്ട്സ് സെക്രട്ടറി: **മുഹമ്മദ് സുഹൈൽ വി.പി**
- ജനറൽ ക്യാപ്റ്റൻ: **മുഹമ്മദ് റഫീഖ് നെച്ചിക്കാടൻ**
- സ്റ്റുഡന്റ് എഡിറ്റർ: **മുബശ്ശിർ പി. കെ.**
- ഇയർ പ്രതിനിധികൾ:
  **മുഹമ്മദ് റഹീസ്** (പിജി)
  **അബ്ദുൽ ഗഫൂർ** (മൂന്നാം വർഷം)
  **ശമീം ഫാസിൽ** (രണ്ടാം വർഷം)
  **മുഹമ്മദ് അജ്മൽ** (ഒന്നാം വർഷം)

**അസോസിയേഷൻ സെക്രട്ടറിമാർ**

- ബി.എ. ഇകണോമിക്സ് : **മുഹമ്മദ് അനീസ് പി.കെ**
- ബി.എ ഇംഗ്ലീഷ്: **മുഹമ്മദ് ഷാനിഫ് പി.സി**
- ബി.എ. വെസ്റ്റ് എഷ്യൻ സ്റ്റഡീസ്: **ഇബ്രാഹിം ബാദിർഷ ബാബു. കെ.ടി**
- ബി.കോം: **ദാവൂദുൽ ഹക്കീം**
- ബി.ബി.എ: **മുഹമ്മദ് സാജിദ്**
- ബി.എസ്.സി. ബയോടെക്നോളജി: **ഷുഹൈബ് എ.വി.**
- ബി.എസ്.സി.കമ്പ്യൂട്ടർ സയൻസ്: **നവാസ്**
- ബി.എസ്.സി.ബയോ കെമിസ്ട്രി: **ഫവാസ് കുട്ടശ്ശേരി**
- ബി.എസ്.സി.മൈക്രോ ബയോളജി: **രാഹുൽ മുന്ന**



### സത്യപ്രതിജ്ഞ

കോളേജ് യൂണിയൻ അധികാരമേൽക്കുന്നത് തുടർച്ചയായി എക്സാമുകൾ നടക്കുന്നതിനാൽ നീണ്ടു പോകുമെന്ന അവസ്ഥയിൽ വളരെ ലളിതമായ ചടങ്ങ് കോളേജ് ഓഡിയോ വിഷൽ തീയറ്ററിൽ നടത്തുകയും ബഹുമാന്യനായ കോളേജ് പ്രിൻസിപ്പൽ ഡോ. അയ്യൂബ് കേയി സത്യവാചകം ചെയർമാൻ സാഹിറലിക്ക് ചൊല്ലിക്കൊടുത്ത് കൊണ്ട് തുടക്കം കുറിക്കുകയും ചെയ്തു.

യൂണിയൻ അഡ്വൈസർ ഫിറോസ് കെ.ടി., ഡോ. മുഹമ്മദ് ഹനീഫ, ഹുസൈൻ വി., മറ്റു അധ്യാപകർ മുൻ യൂണിയൻ ചെയർമാൻ മൻസൂർ, വിദ്യാർത്ഥി വിദ്യാർത്ഥിനികൾ സന്നിഹിതരായ ചടങ്ങിൽ മാനേജ്മെന്റ് മെമ്പറും മുൻ പി.എസ്.സി മെമ്പർകൂടിയായ ഡോ.വി.പി അബ്ദുൽ ഹമീദ് മാസ്റ്റർ മുഖ്യാതിഥിയായി പങ്കെടുത്തു.

### ഗുരുവന്ദനം

കോളേജ് യൂണിയന്റെ ആദ്യപരിപാടിയായി സ്നേഹസമ്പന്നരായ അദ്ധ്യാപകരെ അദ്ധ്യാപകദിനത്തിൽ ആദരിച്ചു. അവരുടെ അനുഗ്രഹം തേടിയാണ് ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് തുടക്കമാവുന്നത്. അതോടൊപ്പം വ്യത്യസ്തമായ ആഘോഷങ്ങൾ അസോസിയേഷൻ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഡിപ്പർട്ട്മെന്റ് തലത്തിലും നടത്തപ്പെട്ടു.

### കോളേജ് യൂണിയൻ ട്രീറ്റ്

യൂണിയനെ വമ്പിച്ച ഭൂരിപക്ഷത്തിൽ തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് യൂണിയന്റെ നേതൃത്വത്തിൽ ഊഷ്മളമായ വിരുന്ന് നൽകി. കോളേജ് ക്യാമ്പസിൽ വെച്ച് ഉത്സവ പ്രതീതിയോടെ ഭക്ഷണം പാകം ചെയ്ത് വിദ്യാർത്ഥികളുടെ സഹകരണത്തോടെ അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾക്കുമായി 1700 ൽപരം ഭക്ഷണപ്പൊതി തയ്യാർ ചെയ്തു യഥാസമയത്ത് സ്വാദിഷ്ഠമായ ഭക്ഷണം വിതരണം ചെയ്തു. ബഹുമാന്യനായ ഇ.എം.ഇ.എ. സ്ഥാപനങ്ങളുടെ മാനേജർ സി.പി. മുഹമ്മദ് കുട്ടി വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാളുടെ സാന്നിധ്യത്തിൽ വിതരണോദ്ഘാടനം നടത്തി.

### വിക്ടറി ഡെ

വർണാഭമായ രീതിയിൽ കോളേജ് യൂണിയന്റെ വിജയഘോഷപരിപാടികൾ നടന്നു.

### രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്

കോളേജ് യൂണിയനും ബയോടെക്നോളജി ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ബയോടെക്നോളജി വിദ്യാർത്ഥികൾ നേതൃത്വം നൽകിയ ക്യാമ്പിൽ നിരവധി വിദ്യാർത്ഥികൾ പങ്കെടുത്തു.

### ഗാന്ധിജയന്തി

ഗാന്ധി ജയന്തിയോടനുബന്ധിച്ച് മാഗസിൻ

സമിതിയുടെ നേതൃത്വത്തിൽ മഹാഗണി പാർക്കിൽ വെച്ച് പ്രബന്ധരചന മത്സരം നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. സി.പി. അയ്യൂബ്കേയി ഉദ്ഘാടനം നടത്തി. ഹുസൈൻ വി., കെ.ടി., ഫിറോസ് സന്നിഹിതരായി. വിദ്യാർത്ഥികളുടെ പങ്കാളിത്തം കൊണ്ട് മത്സരം ശ്രദ്ധേയമായി.

### യൂണിയൻ ഉദ്ഘാടനം

കോളേജിന്റെ ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെടാവുന്ന രീതിയിലാണ് ഈ യൂണിയന്റെ തുടക്കം കുറിച്ചത്. ലോകരാജ്യങ്ങൾക്കിടയിലും ഐക്യരാഷ്ട്രസഭയിലുംഇന്ത്യൻശബ്ദമായിതിളങ്ങിനിൽക്കുന്ന രാഷ്ട്രീയ സാമൂഹിക സാംസ്കരിക മേഖലകളിലെ നിറസാന്നിധ്യവും എഴുത്തുകാരനും പ്രഭാഷകനും കൂടിയായ **ഡോ.ശശി തരൂർ എം.പി**യാണ് യൂണിയൻ പ്രവർത്തനങ്ങളുടെ തുടക്കം കുറിച്ചത്. എ.പി.ജെ. അബ്ദുൽ കലാമിന് ശേഷം ഇ.എം.ഇ.എ ക്യാമ്പസിലേക്ക് പുതു ചരിത്രം രചിച്ചു കൊണ്ട് ശശി തരൂർ എം.പിയെ കൊണ്ടുവരാൻ സാധിച്ചതിൽ ഈ യൂണിയന് നിറഞ്ഞ ചാരിതാർത്ഥ്യമുണ്ട്.

ചടങ്ങിൽ ഇ.എം.ഇ.എയുടെ ജനറൻ സെക്രട്ടറി ജനാബ് പി.കെ.ബഷീർ എം.എ ൽ.എ. ടി.വി. ഇബ്രാഹിം എ.എൽ.എ, ഡോ.വി.പി.അബ്ദുൽ ഹമീദ് മാസ്റ്റർ മറ്റു പ്രമുഖ വ്യക്തിത്വങ്ങൾ ചടാങ്ങിൽ സാന്നിദ്ധ്യമറിയിച്ചു. ശശി തരൂർ എം.പിയുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്ക് ഓഡിയോ വിശ്വൽ തിയ്യേറ്ററിൽ അവസരമൊരുക്കി.

### രക്തദാന ദിനാചരണത്തിന്റെ ഭാഗമായി മെഗാ ബ്ലഡ്ഡ് ഡൊണേഷൻ ക്യാമ്പ്

കോളേജ് യൂണിയന്റെയും എൻ.എസ്.എസിന്റെയും സംയുക്താഭിമുഖ്യത്തിൽ മഞ്ചേരി മെഡിക്കൽ കോളേജുമായി സഹകരിച്ച് രക്തദാനക്യാമ്പ് നടത്തി. കൊണ്ടോട്ടി സി.ഐ മുഹമ്മദ് ഹനീഫ ഉദ്ഘാടനം നടത്തി. പ്രിൻസിപ്പാൾ ഡോ. അയ്യൂബ്കേയി അദ്ധ്യാപകരായ മുഹമ്മദ് ശാഫി, ഡോ. ധന്യ, കെ.ടി. ഫിറോസ്, ചെയർമാൻ സാഹിർ അലി നേതൃത്വം നൽകി. 52 കുട്ടികൾ രക്തദാനം നടത്തി.

### പോസ്ഗ്രാസ പി.ജി. അസോസിയേഷൻ

പോസ്ഗ്രാസ പി.ജി. അസോസിയേഷൻ ഉദ്ഘാടനം ശബ്ന പൊന്നാട് നിർവ്വഹിച്ചു. കൊണ്ടോട്ടി സി.ഐ. മുഹമ്മദ് ഹനീഫ, പ്രിൻസിപ്പാൾ ഡോ. അയ്യൂബ്കേയി മറ്റു അധ്യാപകർ പങ്കെടുത്തു.

### ഡിപ്പാർട്ട്മെന്റ് തല മാഗസിൻ പ്രകാശനം

കോളേജ് യൂണിയൻ മാഗസിന്റെ മുന്നോടിയായിട്ടുള്ള ഡിപ്പർട്ട്മെന്റ്തല മാഗസിൻ പ്രകാശനം എല്ലാ വകുപ്പ് തലവൻമാരുടെയും വിദ്യാർത്ഥികളുടെയും സാന്നിധ്യത്തിൽ കോളേജ് ലോണിൽ വെച്ച് ബഹു പ്രിൻസിപ്പാൾ ഡോ. അയ്യൂബ്കേയി ഉദ്ഘാടനം ചെയ്തു.

**വിജയികൾ**

1. പി.ജി. ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്
2. ഡിപ്പാർട്ട്മെന്റ് ഓഫ് വെസ്റ്റ് എഷ്യൻ സ്റ്റഡീസ്
3. ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ കെമിസ്ട്രി

### പ്രളയക്കെടുതി, പുനരധിവാസ പദ്ധതി ഫണ്ട് ശേഖരണം

പ്രളയക്കെടുതി, പുനരധിവാസ പദ്ധതിയിലേക്ക് കോളേജിലെ എല്ലാ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ യൂണിയൻ ആഭിമുഖ്യത്തിൽ ഫണ്ട് ശേഖരിക്കുകയും പന്ത്രണ്ടായിരത്തോളം രൂപ കോളേജ് പ്രിൻസിപ്പാൾ ഡോ. സി.പി. അയ്യൂബ് കേയിയെ ഏൽപ്പിക്കുകയും ചെയ്തു.

### അസോസിയേഷൻ & ഫ്രഷേർസ്

ഡിപ്പാർട്ട്മെന്റ് അസോസിയേഷൻ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ മുഴുവൻ ഡിപ്പാർട്ട്മെന്റിലും അസോസിയേഷൻ പ്രവർത്തനങ്ങളും ഫ്രഷേർസ്പാർട്ടിയും നടത്തി.മുഴുവൻ അസോസിയേഷൻ ഉദ്ഘാടനവും മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി NAAC ഗ്രേഡിന് ഉപകരിക്കുന്ന രീതിയിൽ അക്കാദമിക്ക് സെമിനാറുകളായാണ് സംഘടിപ്പിച്ചത്.

### ബ്ലാസ്റ്റേഴ്സ് ഫാൻസ് റാലി

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ബ്ലാസ്റ്റേഴ്സ് ഫാൻസ് റാലി ബാൻഡ് വാദ്യങ്ങളുടെ അകമ്പടിയോടെ വളരെ ഭംഗിയായി സംഘടിപ്പിച്ചു..

### നാഷണൽ ഇവന്റ് ലോഗോ റിലീസിംഗ്

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ബ്ലാസ്റ്റേഴ്സ് ഫാൻസ് റാലി നടന്ന അന്നേ ദിവസം തന്നെ കോളേജിൽ വെച്ച് നടക്കാനിരിക്കുന്ന നാഷണൽ ബോഡി ബിൽഡിങ് ചാമ്പ്യൻഷിപ്പിന്റെ ലോഗോ പ്രകാശനം ബഹു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ഡോ.സക്കീർ ഹുസൈൻ നിർവഹിച്ചു. സ്റ്റുഡന്റ്സ് ഡീനിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തിനും ഫുട്ബോൾ താരങ്ങളായ ഗനി അഹമ്മദ് നിഗം, ഇജാസ്

എന്നിവർക്കും യൂണിയൻ ആദരവ് നൽകി.

### എരിവും പുളിയും നാടൻ ഫുഡ് ഫെസ്റ്റ്

കോളേജ് യൂണിയൻ ഫുഡ് ഫെസ്റ്റ് മഹാഗണിപാർക്കിൽ പ്രത്യേകം സജ്ജമാക്കിയ പത്ത് കൗണ്ടറുകളിലായി സംഘടിപ്പിച്ചു. ഓരോ ഡിപ്പാർട്ട്മെന്റിനും പ്രത്യേക കൗണ്ടറുകൾ സ്ഥാപിച്ചു. അദ്ധ്യാപക മൂല്യനിർണ്ണയത്തിനുശേഷം പ്രദർശനവും നടത്തി.

**വിജയികൾ**

1. പി.ജി ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ്
2. ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ കെമിസ്റ്റ്റി
3. പി.ജി. ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്
4. ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ ടെക്നോളജി

### കേരളപ്പിറവി

കേരളപ്പിറവി ദിനത്തോടനബന്ധിച്ച് മാഗസിൻ സമിതിയുടെ കീഴിൽ ചിത്ര രചനാ മത്സരം കോമേഴ്സ് & മാനേജ്മെന്റ് ബ്ലോക്കിൽ വെച്ച് സംഘടിപ്പിച്ചു.

### സായാഹ്ന പാട്ടുകച്ചേരി

കോളേജ് യൂണിയൻ മാഗസിൻ സമിതിയുടെ നേതൃത്വത്തിൽ മാഗസിൻ കോർണറിൽ വെച്ച് സായാഹ്ന പാട്ടുകച്ചേരി സംഘടിപ്പിച്ചു.ഫൈൻ ആർട്ട്സ് ഡയറക്ടർ ഡോ. മുഹമ്മദ് ഹനീഫ ഉദ്ഘാടനം ചെയ്തു. സ്റ്റാഫ് എഡിറ്റർ പ്രഫസർ ഹുസൈൻ, സ്റ്റുഡന്റ് എഡിറ്റർ മുബശ്ശിർ എന്നിവർ സന്നിഹിതരായി. വിദ്യാർത്ഥികൾ നല്ല പ്രകടനം കാഴ്ച്ചവെച്ചു.

### സഹപാഠിക്കൊരു സ്നേഹസമ്മാനം

ഇ.എം.ഇ.എയുടെ ചരിത്രത്തിൽ മറ്റൊരു പൊൻതൂവലായി നന്മനിറഞ്ഞ കാരുണ്യ പ്രവർത്തനത്തിന് ഇ.എം.ഇ.എ കോളേജ് സാക്ഷ്യം വഹിച്ചു. കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ പരപ്പനങ്ങാടി ഫേസ് ഫൗണ്ടേഷനുമായി സഹകരിച്ച് നമ്മുടെ കോളേജിലെ ഒരു വിദ്യാർത്ഥിനിക്ക് മുച്ചക്രവാഹനം കൈമാറി. ചടങ്ങിന്റെ ഉദ്ഘാടനം ഇ.എം.ഇ.എയുടെ ബഹുമാന്യനായ പ്രസിഡന്റ് പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. ഫേസ് ഫൗണ്ടേഷൻ ഭാരവാഹികൾ, അലുംനി ഭാരവാഹികൾ, യൂണിയൻ ഭാരവാഹികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ പങ്കെടുത്തു.

പൂർവ്വ വിദ്യാർത്ഥിനിയുടെ ചികിത്സക്കായി കോളേജ് യൂണിയന്റെ നേതൃത്വത്തിൽ നടത്തിയ ഏകദിന ഫണ്ട് കളക്ഷൻ അലുംനി അസോസിയേഷന്റേയും അധ്യാപകരുടെയും സഹായത്തോടെ 120000 രൂപ പൂർവ്വവിദ്യാർത്ഥിനിയുടെ കടുംബത്തിന് ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ ഡോ. സി.പി. അയ്യൂബ്കേയി സ്നേഹ സമ്മാന ദാന ചടങ്ങിൽ വെച്ച് കൈമാറി.

### വൈക്കം മുഹമ്മദ് ബഷീർ വാരാചരണം

കോളേജ് യൂണിയന്റെയും റീഡേഴ്സ് ക്ലബ്ബിന്റേയും ആഭിമുഖ്യത്തിൽ വൈക്കം മുഹമ്മദ് ബഷീർ വാരാചരണം നടത്തി. അതിന്റെ ഭാഗമായി ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, പുസ്തക പ്രദർശനം, ചർച്ച എന്നിവ നടത്തി.

### ഇ.എം.ഇ.എ സൂപ്പർ ലീഗ്

ഇ.എം.ഇ.എ സൂപ്പർ ലീഗ് മത്സരം കോളേജ് ഫൈവ്സ് ഗ്രൗണ്ടിൽ വെച്ച് യൂണിയന്റെ ആഭിമുഖ്യത്തിൽ നടന്നു. വളരെ ആവേശകരമായി വിദ്യാർത്ഥികൾ പല ടീമുകളിലായി മാറ്റുരച്ചു.

### ഇ.എം.ഇ.എ ടർഫ് ലീഗ്

കോളേജ് യൂണിയൻ രണ്ടാം വർഷ പ്രതിനിധിയുടെ നേതൃത്വത്തിൽ രണ്ടാം വർഷ വിദ്യർത്ഥികൾക്കും ഒന്നാം വർഷ പ്രതിനിധിയുടെ നേതൃത്വത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കും ടർഫ് ലീഗ് ഫുട്ബോൾ മത്സരം നടത്തി.

### ക്രിസ്തുമസ്, ന്യൂഇയർ ആഘോഷം

മഹാഗണി പാർക്കിൽ വെച്ച് യൂണിയന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി പുൽക്കൂട് സ്ഥാപിക്കുകയും ന്യൂ ഇയർകേക്ക് മുറിച്ച് ആഘോഷിക്കുകയും ചെയ്തു.

### മാഗസിൻ കോർണർ

കോളേജ് യൂണിയൻ എഡിറ്റോറിയൽ ബോർഡിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ചർച്ചകൾക്ക് നടത്താനും പുതിയ ആശയവിനിമയം നടത്താനും മാഗസിൻ കോർണർ മഹഗണി പാർക്കിൽ മനോഹരമായി നിർമ്മിച്ചു.

### സ്കോളർഷിപ്പ് ഹെൽപ്പ് ഡെസ്ക്

കോളേജിലെ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് സംബന്ധമായ മുഴുവൻ വിഷയങ്ങളും അറിയിക്കുകയും അവരെ അതിന് അപേക്ഷിക്കുന്നതിന് സഹായിക്കകയും ചെയ്തു. മാത്രമല്ല ഇരുന്നൂറോളം പേർക്ക് സി.എച്ച്. മുഹമ്മദ്കോയ ഗേൾസ് സ്കോളർഷിപ്പ് ലഭിക്കുന്നതിനായി യൂണിയൻ അപേക്ഷ, തയ്യാറാക്കി നൽകുകയും ചെയ്തു.

### യൂണിയൻ അദാലത്ത്

യൂണിയൻ യു.യു.സിമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി സംബന്ധമായും കോളേജ് സംബന്ധമായുമുള്ള പ്രശ്ന

ങ്ങളും പ്രയാസങ്ങളും കേൾക്കുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്തു.

### ജേഴ്സി കൈമാറി

ഇന്റർസോൺ യോഗ്യത നേടിയ കോളേജ് ഫുട്ബോൾ ടീമിന് ജനറൽ ക്യാപ്റ്റൻ റഫീഖ് നെച്ചിക്കാടന്റെ നേതൃത്വത്തിൽ സ്നേഹാദരവായി ജേഴ്സികൾ പ്രിൻസിപ്പൽ ടീം ക്യാപ്റ്റൻ സുഹൈദിന് നൽകി ഉദ്ഘാടനം ചെയ്തു. ഫിസിക്കൽ എഡുക്കേഷൻ ഡയറക്ടർ ഷിഹാബുദ്ദീൻ, ചെയർമാൻ മറ്റു ടീം അംഗങ്ങൾ സന്നിഹിതരായിരുന്നു.

### എൻ. എസ്. എസ് ക്യമ്പിൽ വിരുന്ന്

എൻ.എസ്.എസ്. വാർഷിക ക്യാമ്പിൽ കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഒരു ദിവസത്തെ വിരുന്നൊരുക്കി.

### ബസ് റൂട്ട് പുനസ്ഥാപിക്കുന്നതിന് നിവേദനം

വിദ്യാർത്ഥികൾക്ക് ഏറെ ഉപകാരപ്രദമായിരുന്നകോളേജിന്റെമുൻപിലൂടെയുണ്ടായിരുന്ന വേങ്ങര-കൊണ്ടോട്ടി ബസ് സർവ്വീസ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് വിദ്യാർത്ഥികളിൽ നിന്ന് ഒപ്പു ശേഖരണം നടത്തുകയും മലപ്പുറം ജില്ലാ കളക്ടർക്കും മലപ്പുറം ആർ.ടി.ഒക്കും നിവേദനം നൽകുകയും ചെയ്തു.

### നിവേദനം

കോളേജ് മെയിൻ ബ്ലോക്കിൽ തകരാറിലായ കുടിവെള്ള ഫിൽട്ടർ നന്നാക്കുക, ബി.കോം & ബി.ബി.എ ബ്ലോക്കിൽ ബെൽ സ്ഥാപിക്കുക ഷീ ടോയ്‌ലറ്റ് (അംഗപരിമിതിയും മറ്റു പ്രയാസങ്ങളും അനുഭവിക്കുന്ന) വിദ്യാർത്ഥികൾക്കായി സ്ഥാപിക്കുക. എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് യൂണിയൻ നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി.

അതിന്റെ അടിസ്ഥാനത്തിൽ തകരാർ സംഭവിച്ച വാട്ടർ പ്യൂരിഫയർ പുനഃസ്ഥാപിക്കുകയും ബികോം ഡിപ്പോർട്ടുമെന്റിൽ പുതിയ ബെൽ സ്ഥാപിക്കുകയും ചെയ്തു.

വിദ്യാർത്ഥിനികൾക്കായി ഷീ ടോയ്‌ലറ്റ് വരുന്ന അധ്യായനവർഷാരംഭത്തിന് മുൻമ്പ് മെയിൻ ബ്ലോക്കിൽ സ്ഥാപിക്കുമെന്ന് ബഹു:പ്രിൻസിപ്പാൾ ഡോ. സി.പി. അയ്യൂബ് കേയി ഉറപ്പ് നൽകുകയും ചെയ്തു.

### റാസ്മറ്റാസ് ഓഫ് സ്റ്റേജ്

റാസ്മറ്റാസ് ഓഫ് സ്റ്റേജ് മത്സരങ്ങൾ രണ്ടാഴ്ച്ചകളിലായി വിവിധ ഇനങ്ങളിൽ നിരവധി വിദ്യാർത്ഥികൾക്ക് അവരുടെ സർഗ്ഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കാൻ യൂണിയൻ അവസരമൊരക്കി. നൂറുകണക്കിന് വിദ്യാർത്ഥികളാണ് ഓരോ ഇനങ്ങളിലും പങ്കെടുത്തത്. ലോഗോ പ്രകാശനം സകലകലാശാല സിനിമാതാരങ്ങൾ പ്രിൻസിപ്പാളിന് കൈമാറി ഉദ്ഘാടനം ചെയ്തു.

### റാസ്മറ്റാസ് ഫൈൻ ആർട്സ് ഫെസ്റ്റ് 2019

മനോഹരവും വർണ്ണ ശഭളവുമായ മഹാഗണിയുടെ അന്തരീക്ഷത്തെ പുളകം കൊള്ളിച്ചു കൊണ്ടാണ് ഈ വർഷത്തെ ഫൈൻ ആർട്സ് കൊണ്ടാടിയത്. ഇ.എം.ഇ.എയിലെ ആയിരത്തി അഞ്ഞൂറോളം വരുന്ന വിദ്യാർത്ഥികൾ നാല് വേദികളിലായി മൂന്ന് ദിവസം കലാപ്രകടനങ്ങൾ കാഴ്ച്ചവെച്ചു. കോളേജ് പ്രിൻസിപ്പാൾ സി.പി. അയ്യൂബ് കേയി ഉദ്ഘാടനം ചെയ്തു. പ്രശസ്ത് സിനിമാ താരം വിനയ്ഫോർട്ട് മുഖ്യാഥിതിയായി പങ്കെടുത്തു.

### Deportivo 2k19

കഴിഞ്ഞ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി കായിക മേളയിൽ ഈ വർഷം കൂടുതൽ മത്സരങ്ങൾ യൂണിയന്റെ നേതൃത്വത്തിൽ നടത്താൻ സാധിച്ചു. നാലുടീമുകളായി തിരിച്ചാണ് മത്സരം നടത്തിയത്. വിദ്യാർത്ഥിനികൾക്ക് മാത്രമായി മത്സരങ്ങൾ നടത്താനും യൂണിയന് സാധിച്ചു.

അത്‌ലറ്റ്മത്സരങ്ങൾ കോളേജ് ഗ്രൗണ്ടിൽ വെച്ച് നല്ല രീതിയിൽ നടന്നു. മാർച്ചുപാസ്റ്റോടെ തുടക്കം കുറിച്ച പരിപാടിയുടെ ഉദ്ഘാടനം ബി.ബി.എ. എച്ച്.ഒ.ഡി. ആസിഫ് എൻ. നിർവഹിച്ചു. ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ഷിഹാബുദ്ദീൻ അദ്ധ്യക്ഷനായി

### Interaction with IAS

മുഹമ്മദ് ജുനൈദ് ഐ.എ.എസുമായി കോളേജ് യൂണിയൻ വിദ്യാർത്ഥികൾക്ക് സംവദിക്കാൻ അവസരമൊരക്കി. പ്രിൻസിപ്പാൾ ഡോ. അയ്യൂബ്കേയി ഉദ്ഘാടനം ചെയ്തു.

### Career.com

Career cell ഉം കോളേജ് യൂണിയനും സംയുക്തമായി Orientation on career opportunities in commerce & taxation ക്ലാസ് നടത്തി. ക്ലാസ്സിന്റെ ഉദ്ഘാടനം ബി.കോം എച്ച്.ഒ.ഡി. കമലം ഇടത്തിൽ നിർവ്വഹിച്ചു.

### NET & JRF Orientation

പി.ജി.വിദ്യാർത്ഥികൾക്ക് NET & JRF ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു

### Student model parliament

ഈ വർഷം കേരള സംസ്ഥാനത്ത് തുടക്കം കുറിച്ച കോളേജ് വിദ്യാർത്ഥികൾക്കുള്ള

മോഡൽ പാർലിമെന്റ് മത്സരത്തിൽ നമ്മുടെ കോളേജ് പങ്കാളിയായി. ഡോ. സകരിയ സാറിന്റെ നേതൃത്വത്തിൽ 50 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. കോളേജ് ലോണിൽ വെച്ച് ഏവരുടേയും പ്രശംസ പിടിച്ചുപറ്റുന്ന രീതിയിൽ ഏറ്റവും മനോഹരമായാണ് പാർലമെന്റ് സംഘടിപ്പിച്ചത്. മത്സരം വീക്ഷിക്കാൻ വള്ളിക്കുന്ന് നിയോജക മണ്ഡലം എം.എൽ.എ പി. അബ്ദുർ ഹമീദ് മാസ്റ്റർ എത്തിയത് ശ്രദ്ധേയമായി.

## സി–സോൺ

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വെച്ച് നടന്ന സി സോൺ ആർട്സ് ഫെസ്റ്റിൽ നമ്മുടെ കോളേജിൽ നിന്ന് 100 ൽ അധികം വിദ്യാർത്ഥികളെ വ്യത്യസ്ത ഇനങ്ങളിൽ പങ്കെടുപ്പിച്ചു. വരും വർഷങ്ങളിൽ പ്രിൻസിപ്പാളിന്റെയും മാനേജ്മെന്റിന്റേയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണ സഹകരണത്തോടെ മികച്ച നേട്ടം കൈവരിക്കാൻ യൂണിയന്റേ നേതൃത്വത്തിൽ പരിശ്രമങ്ങൾ തുടങ്ങി.

## ഇ.എം.ഇ.എ. ഫെസ്റ്റ്

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ കോളേജ് ലോണിൽ വെച്ച് മ്യൂസിക്കൽ ഹവറും വ്യത്യസ്ത രീതിയിൽ രസകരമായ മത്സരങ്ങളും അരങ്ങേറി.

## ഹോസ്റ്റലിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു

കോളേജ് യൂണിയൻ സ്പോർട്സ് ഹോസ്റ്റലിലും ലേഡീസ് ഹോസ്റ്റലിലും 'വാട്ടർ പ്യൂരിഫയർ' സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഇ.എം.ഇ.എ മാനേജർ സി.പി. കുഞ്ഞാൻ സാഹിബിന് നിവേദനം നൽകുകയും ആദ്യഘട്ടമെന്ന നിലയിൽ സ്പോർട്സ് ഹോസ്റ്റലിൽ മാനേജർ യൂണിയൻ ഭാരവാഹികളുടെ സാന്നിധ്യത്തിൽ 'വാട്ടർ പ്യൂരിഫയർ' കൈമാറി. ഹോസ്റ്റലിൽ റൂമുകളുടെ അപര്യാപ്തത പ്രയാസം സൃഷ്ടിക്കുന്നതായി മാനേജറെ ധരിപ്പിക്കുകയും പുതിയ റൂമുകൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ട പ്രവർത്തി നടന്നു വരുന്നു. വരുന്ന അധ്യയന വർഷത്തിൽ ലേഡീസ് ഹോസ്റ്റലിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കാമെന്നും മാനേജർ ഉറപ്പ് നൽകി.

## വാട്ടർ കൂളർ സ്ഥാപിച്ചു

കോളേജ് ക്യാമ്പസിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് യൂണിയൻ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പി.ടി.എ. കമ്മിറ്റിയുടെ സഹകരണത്തോടെ 'വാട്ടർ കൂളർ' മെയിൻ ബ്ലോക്കിലെ ഒന്നാം നിലയിൽ സ്ഥാപിച്ചു. പ്രിൻസിപ്പാൾ ഡോ. സി.പി. അയ്യൂബ്കേയിയുടെ സാന്നിധ്യത്തിൽ PTA വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മോങ്ങം 'വാട്ടർ കൂളർ' വിദ്യാർത്ഥികൾക്ക് സമർപ്പിച്ചു.

## മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു

കോളേജ് യൂണിയൻ Walk with Scholar (WWS) മായി സഹകരിച്ച് സംഘടിപ്പിച്ച മോട്ടിവേഷൻ ക്ലാസിന് പൂർവ്വ വിദ്യാർത്ഥിയും പ്രശസ്ത ട്രെയിനറും കൂടിയായ സി.എ. സലാം നേതൃത്വം നൽകി. യൂണിയൻ അഡ്വൈസർ കെ.ടി. ഫിറോസ് അധ്യക്ഷനായി.

## വരവ് ചിലവ് കണക്ക്

| | |
|---|---|
| കോളേജിൽ നിന്നും ലഭിച്ചത് | 1,00,000.00 |
| മാനേജ്മെന്റിൽ നിന്നും ലഭിച്ചത് | 1,45,000.00 |
| പരപ്പനങ്ങാടിഫേസ്ഫൗണ്ടേഷൻ വിദ്യാർത്ഥിനിക്കുള്ള മുച്ചക്രവാഹനത്തിന് കൈമാറിയത് | 84,700.00 |
| പുറത്ത് നിന്നും പ്രവർത്തന ഫണ്ടിലേക്ക്പിരിച്ചത് | 1,46,300.00 |
| **ആകെ വരവ്** | **4,76,000.00** |
| **ആകെ ചിലവ്** | **5,94,300.00** |
| **കടം** | **1,18,300.00** |

പരിമിതമായ സമയത്തിലൂടെ യൂണിയൻ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ട് പോവുകയെന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വെല്ലുവിളി തന്നെയായിരുന്നു. എന്നിരുന്നാലും നിങ്ങൾ ഞങ്ങളിലേൽപ്പിച്ച ദൗത്യം നിർവഹിക്കാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. യൂണിയൻ പ്രവർത്തനങ്ങളോട് സഹകരിച്ച് ഞങ്ങൾക്ക് മാർഗ്ഗനിർദേശം നൽകിയ ബഹുമാന്യരായ മാനേജ്മെന്റ് ഭാരവാഹികൾ, പ്രിൻസിപ്പൽ, യൂണിയൻ അഡ്വൈസർ, മറ്റു സ്നേഹം നിറഞ്ഞ അദ്ധ്യാപകർ, നല്ലവരായ വിദ്യാർത്ഥി -വിദ്യാർത്ഥിനി സുഹൃത്തുക്കൾ, സഹപ്രവർത്തകർ എല്ലാവരേയും ഹൃദയത്തോട് ചേർത്ത് വെച്ച് സ്മരിച്ച് കൊണ്ട് 2018–2019 വർഷത്തെ കോളേജ് യൂണിയൻ റിപ്പോർട്ട് വിദ്യാർത്ഥി സമക്ഷം സമർപ്പിക്കുന്നു.

**മുഹമ്മദ് സഫ്‌വാൻ എ.പി.**
ജനറൽ സെക്രട്ടറി,
2018–19 കോളേജ് സ്റ്റുഡന്റ്സ് യൂണിയർ
ഇ.എം.ഇ.എ. കോളേജ് കൊണ്ടോട്ടി